സ്റ്റീൽ അതോറ്റി ഓഫ് ഇൻഡ്യ എക്സ് എംപ്ലോയീസ് അസോസിയേഷൻ നൽകിയ നിവേദനം

30(768)ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ എക്സ് എംപ്ലോയീസ് അസോസിയേഷൻ അവരുടെ വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി 16/12/99-ൽ സമർപ്പിച്ച നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) കേരളത്തിലെ വിവിധ ജില്ലകളിൽ താമസിക്കുന്ന ഈ വിഭാഗം വ്യവസായത്തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി എടുക്കുമോ?

ഉത്തരം

(എ)&(ബി) പ്രാഥമികാന്വേഷണത്തിൽ പ്രസ്തുത നിവേദനത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിന് ജീവനക്കാർക്ക് പരിശീലനം

31(769)ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ഔദ്യോഗിക ഭാഷ മലയാളം ആയി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ജീവനക്കാർക്ക് ഇക്കാര്യത്തിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പും ഐ.എം.ജി.യുമായി ചേർന്ന് മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിത്തുടങ്ങിയോ;

(ഡി) എങ്കിൽ ഈ പരിശീലന പരിപാടിയിൽ ഒരു വകുപ്പിൽ നിന്നും ഒരേ സമയം എത്രപേരെ പങ്കെടുപ്പിക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്;

(ഇ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ജീവനക്കാർ ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് ധനകാര്യ വകുപ്പ് എന്ത് നിബന്ധനയാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(എഫ്) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനു മാത്രമായി ഇക്കാര്യത്തിൽ എന്തെങ്കിലും നിബന്ധന ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ജി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനുമാത്രമായി ഏതെങ്കിലും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ നിബന്ധന ഒഴിവാക്കുവാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ടൈപ്പിസ്റ്റുമാർക്കും സി.എ.മാർക്കും മലയാളത്തിൽ ടൈപ്പിംഗിലും ചുരുക്കെഴുത്തിലും അതാതു കളക്ടറേറ്റുകളിൽ വച്ച് പരിശീലനം നൽകി വരുന്നു. മലയാളം ഉപയോഗിക്കുന്നതിലുള്ള വൈമുഖ്യം മാറ്റിയെടുക്കുന്നതിനുവേണ്ടി 1999 ആഗസ്റ്റ് മുതൽ ഐ.എം.ജി.യുടെ തിരുവനന്തപുരം കേന്ദ്രത്തിൽ വച്ച് ക്ലാസ്-3 വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു.

(സി) തുടങ്ങി.

(ഡി) ഒരു ബാച്ചിൽ 30 പേരെ ഉൾപ്പെടുത്തി പരിശീലനം നൽകണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ഒരു വകുപ്പിൽ നിന്നും ഇത്രപേർ വീതം വേണമെന്നു നിർദ്ദേശിച്ചിട്ടില്ല.

(ഇ) ചെറിയ വകുപ്പുകളിൽ ജോലിയെ ബാധിക്കാത്ത വിധത്തിൽ ഒരേ സമയം അഞ്ചോ, ആറോ പേരെ ഉൾപ്പെടുത്തി പരിശീലനം നൽകിയാൽ മതിയെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

കേരളാഹൗസിലെ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി

32(770)ശ്രീമതി ആർ. ലതാദേവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂഡൽഹി കേരളാ ഹൗസിൽ എത്ര കാറുകൾ ഉണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര കാറുകൾ ഉദ്യോഗസ്ഥർക്ക് വിട്ടുകൊടുത്തവയാണ്;

(സി) ഒരേ സമയം ഒരു ഉദ്യോഗസ്ഥന് ഒന്നിലധികം കാറുകൾ വിട്ടുകൊടുക്കാറുണ്ടോ; കേരളാഹൗസിലെ ഒന്നിലധികം വാഹനങ്ങൾ ഒരേ ഉദ്യോഗസ്ഥൻതന്നെ ഒരേ സമയത്ത് ഉപയോഗിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരളാഹൗസ് ഉദ്യോഗസ്ഥരുടെ സ്വകാര്യ ആവശ്യങ്ങൾക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിന്റെ ചെലവ് യഥാസമയം ഗവൺമെന്റിന് ലഭിക്കുന്നുണ്ടോ;

(ഇ) കഴിഞ്ഞ ഒരു വർഷക്കാലത്തിനകം കേരളാഹൗസ് വാഹനങ്ങൾ ഒന്നിലധികം എണ്ണം ഒരേ സമയം എത്ര ഉദ്യോഗസ്ഥർ ഏതെല്ലാം ദിവസങ്ങളിൽ ഉപയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly